**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5702** **13-08-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലോരത്ത് നിന്ന് 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പേർ അർഹരായിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം പുറത്തൂർ പഞ്ചായത്തിലെ 64 പേരെയും മംഗലം പഞ്ചായത്തിലെ 86 പേരെയുമാണ് തീരദേശ വേലിയേറ്റ രേഖയ്ക്ക് 50 മീറ്ററിനുള്ളിൽ നിന്നും മാറ്റിത്താമസിപ്പിക്കേണ്ടതായിട്ടുള്ളത്. നിലവിലെ തീരദേശ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന പുറത്തൂർ പഞ്ചായത്തിലെ 43 ഗുണഭോക്താക്കളെയും മംഗലം പഞ്ചായത്തിലെ 8 ഗുണഭോക്താക്കളെയും ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പേർക്ക് സ്ഥലം വാങ്ങാനുള്ള തുക നൽകിയെന്നും എത്ര പേർക്ക് വീട് നിർമ്മാണത്തിനായി തുക നൽകിയെന്നും വിശദമാക്കാമോ; | (ബി) | തീരദേശേ വേലിയേറ്റ രേഖയിൽ നിന്നും മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളവരിൽ പുറത്തൂർ പഞ്ചായത്തിലെ 14 പേർ ഭൂമി വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിൽ രണ്ടുപേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മംഗലം പഞ്ചായ ത്തിലെ ആരും തന്നെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി രേഖകൾ സമർപ്പിച്ചിട്ടില്ല. |
| (സി) | ഇനി എത്ര പേർക്ക് ഈ ആനുകൂല്യം നൽകാനുണ്ടെന്നും അത് എന്നത്തേക്ക് നൽകാനാകുമെന്നും താമസം നേരിടുന്നുണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (സി) | തീരദേശ വേലിയേറ്റ രേഖയിൽ നിന്നും മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ള പുറത്തൂർ പഞ്ചായത്തിലെ 43 പേരിൽ 29 പേരും മംഗലം പഞ്ചായത്തിലെ 8 പേരും കൂടി ഭൂമി വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. പുറത്തൂർ, മംഗലം വില്ലേജുകളിലെ ഭൂരിഭാഗം സ്ഥലങ്ങളും കടലിനും, കായലിനും സമാന്തരമായി കിടക്കുന്നതിനാൽ തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളാണ്. അത്തരം സ്ഥലങ്ങളിൽ ഭവന നിർമ്മാണം സാധിക്കുന്നതല്ല. തീരദേശ ഹൈവേയുടെയും മറ്റ പ്രധാന റോഡുകളുടെയും സമീപത്തുള്ള സ്ഥല ങ്ങൾക്ക് വില കൂടുതൽ ആണ്. ഇത്തരം പ്രശ്നങ്ങൾ പുറത്തൂർ, മംഗലം വില്ലേജുകളിൽ ഭൂമി |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിന് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ ആണ്. ഫിഷറീസ് വകുപ്പും ഗുണഭോക്താക്കളും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി പരിശ്രമിക്കുന്നുണ്ട്. ഭൂമി ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ